ഉത്തരം

(എ) ഇക്കാര്യം വിശദമായ പരിശോധനയ്ക്ക് ശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(ബി) വാർഡിൽ പ്രവേശിപ്പിച്ചിരിക്കുന്ന ഇരുന്നൂറിൽപ്പരം നിർദ്ധനരായ രോഗികൾക്ക് പൊതുജനങ്ങളിൽനിന്നുള്ള സംഭാവനകളുടെ സഹായത്തോടെ നിത്യേന സൗജന്യ ഭക്ഷണം നൽകിവരുന്നു. രോഗികൾക്കും കൂട്ടിരിപ്പിനുള്ള ഒരാളിനും വീട്ടിൽനിന്നും വരുന്നതിനും തിരിച്ച് പോകുന്നതിനുമുള്ള റെയിൽവേ കൺസഷൻ പാസ് നൽകുന്നു. കുട്ടികളുടെ വിഭാഗത്തിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്ക് ദീർഘകാലം ചികിത്സ ആവശ്യമുണ്ടെങ്കിൽ ആശുപത്രിക്ക് പുറത്ത് താമസിക്കുന്നതിനായി ഏകദേശം 20 കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും 'ഹോം എവേ ഫ്രം ഹോം' എന്ന ഒരു പദ്ധതിവഴി താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) ഒ.പി. വിഭാഗങ്ങൾക്കായി ആർ.സി.സി.-യിൽ നിർമ്മാണം പൂർത്തിയായി വരുന്ന പുതുതായി കെട്ടിടത്തിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ഇപ്പോൾ ഒ.പി. വിഭാഗത്തിൽ അനുഭവിച്ചുവരുന്ന സ്ഥലപരിമിതിക്ക് പരിഹാരമാവുമെന്ന് പ്രതീക്ഷിക്കുന്നു.

സിദ്ധ വൈദ്യശാല

20(717) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലാണ് സിദ്ധ വൈദ്യശാലയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം, കുറ്റൂർ, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തുകളിൽ സിദ്ധ വൈദ്യശാല അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ ഏഴാകുളം പഞ്ചായത്തിൽ ഗവൺമെന്റ് സിദ്ധ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) തങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം, കുറ്റൂർ, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തുകളിൽ സിദ്ധ വൈദ്യശാല ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly